OCTOBER 2021

VOL - 9 ISSUE -3

# ECHOLISIE 2021

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS





*Environment Friendly*

CARE *with* LOVE

LISIE HOSPITAL ERNAKULAM

lisienewsletter2013@gmail.com



Previous Issue

ECHOLIS 2021 EDITORIAL BOARD

**Managing Editor**
Dr Fr Paul Karedan

**Editor-in-chief**
Prof Dr Usha Marath

**Consultant Editors**
Fr Shanu Moonjely
Fr Rojan Nangelimalil
Fr George Thelekkatt
Fr Joseph Makkothakattu

**Associate Editors**
Dr Babu Francis
Mr Sajeev Jacob

**Editorial Members**
Mrs Manju George
Mr Venugopal S

Lisie Hospital
Ernakulam, P.B. No. 3053
Kochi - 682018
Ph: 0484 2402044
contact@lisiehospital.org
www.lisiehospital.org

# FROM THE DIRECTOR'S DESK

***Greetings to all,***

*I am glad to inform that the NABH Inspection team, which inspected our Hospital for renewal of* ***NABH Accreditation*** *was greatly impressed by our high standards of treatment and professionalism displayed by our Doctors and staff. In fact, during the concluding session on 17/10/2021,* ***they while appreciating the functioning of our Hospital,*** *remarked that our Hospital was one of the best hospitals they had so far inspected. Living up to the high expectations of our patients and maintaining global standards is undoubtedly a great challenge for us. But this will be possible if we are more compassionate and caring to our patients, in keeping with our Motto "Care With Love".*

*It is my proud privilege to inform that Dr. Venugopal B, a renowned Liver Transplant Specialist, joined duty on 08/10/2021 in our Surgical Gastroenterology dept. With his joining, I am sure that* ***our Liver Transplant team will get a new lease of life.*** *We will definitely be able to perform more & more Liver Transplant surgeries successfully at reasonable cost and thus force other hospitals to reduce their Liver transplant surgery charges and thereby provide much needed financial relief to poor patients requiring Liver transplants.*

*Likewise, work of* ***Cancer Centre*** *is progressing fast. Dr. Arun Peter a renowned Onco Surgeon has joined duty on04/10/2021 in our Surgical Oncology dept. With joining duty of some more expert Oncologists our Cancer Centre will start functioning shortly.*

***The challenges posed by Covid – 19,*** *that started in March 2020 has continued this year also, with our state reporting the highest No. of Covid positive cases in the country, at present. But let us consider this as an opportunity to re-imagine the future, re-wire our thoughts, strategy and action to build a path to a safer, healthier and secure tomorrow. Like the good overcoming the evil (the theme of the recently concluded Dussera festival), I am sure with our resilience, and pathbreaking initiatives we shall overcome the ravages caused by this pandemic shortly. Ultimately* ***"This too Shall Pass".***

*Recently,* ***our Nation crossed a commendable mile stone by successfully administering 100 core Covid vaccine doses.*** *I am proud to inform that the vaccine centre of our hospital also contributed its mite to this huge endeavour of the Nation. Together, lets overcome these challenging times and work towards building a healthier tomorrow.*

***May God Bless You All!!!!!***

***Dr Fr Paul Karedan***

***Director***

# LISIE FAMILY DAY 2021







ലിസി ആശുപത്രിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. രാവിലെ 6 ന് ആശുപത്രി ചാപ്പലിൽ നടന്ന സമൂഹബലിക്ക് മാർ തോമസ് ചക്യത്ത് പിതാവ് മുഖ്യകാർമികനായിരുന്നു. ആശുപത്രി ഡയറക്ടർ റവ. ഡോ. പോൾ കരേടൻ, റവ. ഫാ. റോജൻ നങ്ങേലിമാലിൽ, റവ. ഫാ. ജോർജ്ജ് തേലക്കാട്ട് എന്നിവർ സഹകാർമ്മികരായിരുന്നു.

ഫാമിലി ഡേയോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ മാർ തോമസ് ചക്യത്ത് പിതാവ് തിരുനാൾ മസന്ദേശം നലകി. ഡയറക്ടർ ഫാ. പോൾ കരേടൻ, അസി. ഡയറക്ടർ ഫാ. ഷനു മൂഞ്ഞേലി എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു.









## Lisie family day competition winners

ലിസി ഫാമിലി ഡേയോട് അനുബന്ധിച്ച് ഏതാനും മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. നിരവധി സ്റ്റാഫംഗങ്ങൾ അതിൽ പങ്കുചേരുകയും, സമ്മാനത്തിന് അർഹരാകുകയും ചെയ്തു.



## ലളിതമാകുന്ന സങ്കീർണ ചികിത്സയും ലളിതമാക്കുന്ന സംഘവും

വളരെ സങ്കീർണമായ ഒരു Minimally Invasive Procedure ഈയിടെ ലിസി ഹോസ്പിറ്റലിലെ Aortic Team ചെയ്തു. ഏതു നിമിഷവും പൊട്ടിപ്പോകാവുന്ന അവസ്ഥയിൽ ശക്തമായ വയറുവേദനയുമായി എത്തിയ 77 വയസ്സുകാരന്റെ മഹാധമനിയുടെ വീക്കം (Abdominal Aortic Aneurysm) ശസ്ത്രക്രിയ കൂടാതെ EVAR വഴി ചെയ്യുകയും അഞ്ചാം ദിവസം സുരക്ഷിതമായി ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. ഇടതു കിഡ്നിയുടെ രക്തക്കുഴൽ, വീക്കത്തിനു തൊട്ടു സമീപത്തായിരുന്നതിനാൽ കിഡ്നിയുടെ രക്തയോട്ടം നിലയ്ക്കാതിരിക്കാൻ ആ രക്തക്കുഴലിനെ സംരക്ഷിക്കാൻ വേണ്ടി Chimney Procedure എന്ന അപൂർവമായ പ്രക്രിയയും ഇതോടൊപ്പം ചെയ്തു.

ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധമനിയായ മഹാധമനി ക്രമാതീതമായി വീർത്തു വരുന്ന അവസ്ഥയാണ് Aortic Aneurysm. സാധാരണഗതിയിൽ ഉദരഭാഗത്താണ്



ഇവ കൂടുതലായും കാണാറുള്ളത്. പ്രായാധിക്യം, പുകവലി, അമിതരക്തസമ്മർദ്ദം ഇവയാണ് ഈ അവസ്ഥയിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങൾ. ഇവയ്ക്കൊപ്പം മഹാധമനിയുടെ ഭിത്തിയിലെ മസിലുകളുടെയും ഇലാസ്റ്റിക് നാരുകളുടെയും നിർമ്മിതിയിൽ ഉള്ള ജനിതകമായ മാറ്റങ്ങളും ഈ അവസ്ഥയിലേക്കു നയിക്കാം. ഹൃദ്രോഗത്തിലേക്കു നയിക്കുന്ന പല ഘടകങ്ങളും ഈ അവസ്ഥയ്ക്കും കാരണമാകുന്നതു കൊണ്ടുതന്നെ ഈ രോഗത്തെ ഹൃദയരോഗതുല്യമായ (Coronary Artery Disease Equivalent) അവസ്ഥയായി കരുതുന്നു. പലപ്പോഴും യാതൊരു ലക്ഷണങ്ങളും ഈ രോഗം പ്രകടമാക്കാറില്ല. ഉദരസംബന്ധമായ മറ്റേതെങ്കിലും രോഗാവസ്ഥ മൂലം അൾട്രാസൗണ്ട്, സി ടി സ്കാൻ പരിശോധന എന്നിവ നടത്തുമ്പോഴാണ് പലപ്പോഴും ഈ രോഗാവസ്ഥ കണ്ടുപിടിക്കുന്നത്. എന്നാൽ ചിലർക്ക് ഈ രോഗാവസ്ഥ മൂലം ക്രമേണ വയറുവേദന, പുറംവേദന എന്നിവയും ഉണ്ടാകാറുണ്ട്. കണ്ടുപിടിക്കുന്ന എല്ലാ മഹാധമനി വീക്കങ്ങൾക്കും ചികിത്സ ആവശ്യവുമില്ല. 4.5 – 5 സെൻറീമീറ്റർ വ്യാസത്തിൽ താഴെയുള്ള വീക്കങ്ങൾ പലപ്പോഴും ചികിത്സിക്കേണ്ട ആവശ്യമില്ല. ആറു മാസം മുതൽ ഒരു വർഷം വരെയുള്ള ഇടവേളകളിൽ സി ടി സ്കാൻ പരിശോധനയിലൂടെ ഇവയെ നിരീക്ഷിച്ചാൽ മാത്രം മതിയാവും. മുകളിൽ പറഞ്ഞ വ്യാസത്തിൽ കൂടുതലുള്ള വീക്കങ്ങൾ, വളരെ പെട്ടെന്ന് വളരുന്നവ, ലക്ഷണങ്ങൾ ഉള്ളവ എന്നിവ തീർച്ചയായും ചികിത്സിക്കേണ്ടതാണ്. ഇത്തരം വീക്കങ്ങൾ പൊട്ടിപ്പോകാനുള്ള സാധ്യത കൂടുതലാണ്. ഈ വീക്കങ്ങൾ പൊട്ടി പോവുകയാണെങ്കിൽ മരണം സംഭവിക്കാനുള്ള സാധ്യതയും വളരെയേറെയാണ്. വീർപ്പിച്ച ഒരു ബലൂണിൽ ഒരു ചെറിയ സുഷിരം ഉണ്ടായാൽ ബലൂണിലെ വായു മുഴുവൻ നിമിഷനേരം കൊണ്ട് പുറത്തു പോകുന്നതുപോലെ വീക്കം പൊട്ടിപ്പോയാൽ രക്തം മുഴുവൻ വാർന്നു രോഗി മരിക്കാൻ സാധ്യത ഏറെയാണ്. ഈ അവസ്ഥയിൽ രോഗി ആശുപത്രിയിൽ എത്തിപ്പെടാനുള്ള സാധ്യതകളും കുറവാണ്. യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത അവസ്ഥയ്ക്കും പൊട്ടിപ്പോയി പെട്ടെന്ന് മരണം ഉണ്ടാകാനുള്ള സാധ്യയ്തക്കും ഇടയിലാണ് ലക്ഷണങ്ങളുമായി രോഗികൾ ഉണ്ടാവുന്നത്. ശക്തമായ വയറു വേദന, പുറം വേദന എന്നിവ ഇത്തരം വീക്കങ്ങൾ പൊട്ടുന്നതിന് മുമ്പുള്ള അവസ്ഥ മൂലമാണ് (Impending Rupture). മുമ്പ് തുറന്നുള്ള ശസ്ത്രക്രിയകൾ (Open Repair) മാത്രമായിരുന്നു ഈ രോഗാവസ്ഥയ്ക്ക് ചികിത്സയായി ഉണ്ടായിരുന്നത്. എന്നാൽ ഇക്കാലത്ത് ഇത്തരം രോഗാവസ്ഥകൾ പ്രധാനമായും ശസ്ത്രക്രിയ കൂടാതെ പരിഹരിക്കാൻ സാധിക്കുന്നതാണ്. മഹാധമനിയിൽ ചില പ്രത്യേകതരം ട്യൂബുകൾ (Stent Grafts) ഇട്ട് മഹാധമനിയുടെ വ്യാസം പഴയപടി ആക്കുകയും, രക്തയോട്ടം ട്യൂബിലൂടെ മാത്രം നടക്കുകയും, ട്യൂബിന് പുറത്തുള്ള രക്തം ക്രമേണ കട്ടിയായി മഹാധമനിയുടെ വ്യാസം

പഴയപടി ആവുകയും ചെയ്യുന്നു. ഇത്തരം ചികിത്സകളെ EVAR (Endovascular Aneurysm Repair) എന്ന് പറയുന്നു. ഹൃദയ രോഗത്തിന് ചികിത്സയുടെ ഭാഗമായി ആൻജിയോപ്ലാസ്റ്റി ചെയ്യുന്നതു പോലെ X ray സഹായത്തോടെ കാത്ത്ലാബിലാണ് ഈ പ്രക്രിയ ചെയ്യുന്നത്. പലപ്പോഴും ജനറൽ അനസ്തീഷ്യയുടെ ആവശ്യം പോലുമില്ലാതെയാണ് ഈ പ്രക്രിയ ചെയ്യാറുള്ളത്.

കാലിലെ ശുദ്ധരക്തധമനിയായ Femoral Artery കൂടെയാണ് ഈ ട്യൂബുകൾ കടത്തിവിടുന്നത്. മുൻകാലത്ത് ഈ രക്തക്കുഴൽ തുറന്നാണ് (Femoral Artery Cutdown) ഈ ട്യൂബുകൾ കടത്തിയിരുന്നതെങ്കിൽ ഇപ്പോൾ ഈ ചെറു ശസ്ത്രക്രിയയുടെ പോലും ആവശ്യമില്ലാത്ത PEVAR (Total Percutaneous Endovascular Aneurysm Repair) പ്രക്രിയയാണ് പിന്തുടരുന്നത്. രോഗിയുടെ ആശുപത്രിവാസം കുറയ്ക്കുന്നതിനും, പെട്ടെന്നുള്ള പുനരധിവാസവും ഇതുമൂലം സാധ്യമാകുന്നു.

Interventional Cardiologist, Interventional Radiologist ,Vascular Surgeon, Anesthetist, Cathlab Technicians, Nurses എന്നിവർ ഉൾപ്പെട്ട ഒരു വലിയ ടീം (Aortic Team) ഈ സങ്കീർണമായ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഇത്തരം സങ്കീർണ്ണമായ പ്രക്രിയകൾ ചെയ്യുന്ന സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച ടീമുകളിൽ ഒന്നാണ് എറണാകുളം ലിസി ആശുപത്രിയിലെ Aortic Team.

## World Heart Day 2021



ലോക ഹൃദയദിനത്തിൽ 'Use your heart to connect' എന്ന ഈ വർഷത്തെ തീമിനെ ആസ്പദമാക്കി ലിസി ആശുപത്രിയിലെ ഹൃദ്രോഗവിഭാഗം വ്യതസ്തമായ പല പരിപാടികളും നടത്തുകയുണ്ടായി. ലിസി ആശുപത്രിയിലെ ജീവനക്കാർക്കായി നടത്തിയ പോസ്റ്റർ മത്സരം ഏറെ ശ്രദ്ധയാകർഷിച്ചു. പല വിഭാഗങ്ങളിൽ നിന്നായി മത്സരത്തിൽ നിരവധി സ്റ്റാഫ് അംഗങ്ങളാണ് പങ്കെടുത്തത്. മത്സരത്തിൽ വിജയിച്ചവർക്ക് ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽകി. കൂടാതെ ഹൃദ്രോഗവിഭാഗത്തിലെ ഡോക്ടർമാർ ലിസി ആശുപത്രിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ ഹൃദയദിനത്തിൽ പങ്കുവച്ച പ്രത്യേക സന്ദേശം സമൂഹമാധ്യമങ്ങളിൽ ഏറെ ശ്രദ്ധനേടി.











## സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ

ഡയറക്ടർ ഫാ. ഡോ. പോൾ കരേടൻ പങ്കെടുത്ത ചടങ്ങിൽ അസി. ഡയറക്ടർ ഫാ. ജോസഫ് മാക്കോതക്കാട്ട് പതാക ഉയർത്തി. സ്പിരിച്ച്വൽ ഫാദർ ആന്റണി പാറെവെളി സ്വാതന്ത്ര്യ ദിന സന്ദേശം നൽകി . ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട് എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു.













## ദേശീയ നേത്രദാന പക്ഷാചരണം

ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 8 വരെ എറണാകുളം ലിസി ആശുപത്രി, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി കൈകോർത്ത് ദേശീയ നേത്രദാന പക്ഷാചരണം സംഘടിപ്പിച്ചു.



നേത്രദാനമെന്ന വലിയ സന്ദേശം മറ്റുള്ള വരിലേക്ക് എത്തിക്കാനും, പ്രോത്സാഹിപ്പിക്കുവാനുമുള്ള ലിസി ആശുപത്രിയുടെ ഉദ്യമത്തെ ലിറ്റിൽ ഫ്ളവർ ആശുപത്രി അസി. ഡയറക്ടർ ഫാ. വർഗീസ് പാലാട്ടി അഭിനന്ദിച്ചു.



മരണശേഷം ഒരാളുടെ കണ്ണുകൾ ദാനം ചെയ്യുന്നതിലൂടെ രണ്ടുപേർക്ക് വെളിച്ചവും ജീവിതവുമാണ് നൽകപ്പെടുന്നതെന്ന് ലിസി ആശുപത്രി അസി. ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട് സന്ദേശത്തിൽ അഭിപ്രായപ്പെട്ടു. അതോടൊപ്പം തന്നെ ഇതിനായി കൈകോർത്ത രണ്ടു ഹോസ്പിറ്റലിലേയും അംഗങ്ങളെയും അനുസ്മരിക്കുകയും ചെയ്തു.












ഓണത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിലെ സ്റ്റാഫിനായി വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികളായവർക്ക് അനുമോദനങ്ങൾ









## പങ്കാളി സ്നേഹം പകുത്തുനൽകി; സജിക്കു സന്തോഷത്തിന്റെ ഓണം

**സിജോ പൈനാടത്ത്**

**കൊച്ചി:** തിരുവോണപ്പുലരിയിൽ ആശുപത്രിയിലെ തീവ്രപരിചരണവിഭാഗത്തിൽ നിന്നു സജി പുറത്തിറങ്ങും. പുതിയ പ്രത്യാശകളിലേക്കു ചുവടുവയ്ക്കുമ്പോൾ ഉള്ളിൽ താളമിടുന്നതു ഭാര്യ ബിനില പകുത്തു നൽകിയ സ്നേഹത്തിന്റെ സ്പന്ദനങ്ങളാകും. അനന്തരം ഓരോ വൃക്കകളുമായി ഇരുവരും പുതുജീവിതം തുടങ്ങും.

വൃക്കകളുടെ വലുപ്പം ക്രമാതീതമായി വർധിക്കുന്ന നെഫ്രോസ്ക്ലിയറോസിസ് രോഗബാധിതനായിരുന്ന സജി മാത്യൂസ്(46) 2018 മുതൽ ഡയാലിസിസിലൂടെയാണു ജീവൻ നിലനിർത്തിവന്നത്. എറണാകുളം ലിസി ആശുപത്രിയിലാണു ചികിത്സ.

രോഗം മൂർച്ഛിച്ചതിനാൽ വൃക്ക മാറ്റിവയ്ക്കണമെന്നു ഡോക്ടർമാർ അറിയിച്ചതോടെ അതിനുള്ള അന്വേഷണമായി. ഭാര്യ ബിനിലയും (41) ഭർതൃമാതാവും വൃക്കദാനത്തിനു സന്നദ്ധരായെങ്കിലും ഇരുവരും പരിശോധനകളിൽ നിരസിക്കപ്പെട്ടു. ഭർത്താവിന്റെ ജീവൻ നിലനിർത്താനുള്ള ചികിത്സകളും പരിശ്രമങ്ങളും തുടർന്ന ബിനില ഏതാനും മാസങ്ങൾക്കു ശേഷം വീണ്ടും വൃക്കദാതാവാകാനുള്ള പരിശോധനയ്ക്കു വിധേയയായി. ഇക്കുറി മെഡിക്കൽ ബോർഡ് അനുവാദം നൽകുകയായിരുന്നു.

സജി മാത്യൂസും ഭാര്യ ബിനിലയും

നെഫ്രോസ്ക്ലിയറോസിസ് രോഗമുള്ളതിനാൽ മാറ്റിവയ്ക്കുന്ന വൃക്ക സുരക്ഷിതമാകാൻ സജിയുടെ നിലവിലുണ്ടായിരുന്ന രണ്ടു വൃക്കകളും ഒരു മാസം മുമ്പു നീക്കം (നെഫ്രക്ടമി) ചെയ്തിരുന്നു. രണ്ടു വൃക്കകളുമില്ലാതെ നാലു മണിക്കൂർ ഇടവിട്ടുള്ള ഡയാലിസിസിലൂടെയാണ് ഒരു മാസക്കാലം സജിയുടെ ജീവൻ നിലനിർത്തിയത്.

സ്വാതന്ത്ര്യദിനപ്പിറ്റേന്നു ഡോ. വിജു, ഡോ. നമ്പ്യാർ എന്നിവരുടെ നേതൃത്വത്തിൽ ബിനിലയുടെ വൃക്കകളിലൊന്നു സജിയുടെ ശരീരത്തിൽ വച്ചുപിടിപ്പിച്ചു. ശസ്ത്രക്രിയ പൂർണവിജയം. ഇരുവരും ആരോഗ്യത്തോടെയിരിക്കുന്നു. ഡോ. ബാബു ഫ്രാൻസിസ്, ഡോ. ജോസ് ടി. പോൾ, ഡോ. ദാമോദരൻ നമ്പ്യാർ, ഡോ. തോമസ് പുതുക്കാടൻ, ഡോ. പ്രേമ എന്നിവരും ശസ്ത്രക്രിയകളിൽ പങ്കാളികളായി. ലിസി ആശുപത്രി ഡയറക്ടർ റവ. ഡോ. പോൾ കരേടനും ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ സിസ്റ്റർ അൽഫോൻസയും മാനേജ്മെന്റിലെ മറ്റുള്ളവരും ദമ്പതികൾക്കു പൂർണ പിന്തുണ നൽകി.

പാലാ പള്ളിക്കത്തോട് അറയ്ക്കൽകുടുംബാംഗമാണു സജി. ബിനിലയുടെ മാതാപിതാക്കൾക്ക് ആശ്രയമെന്ന നിലയിൽ അവരുടെ കൊഴുവനാലിലെ വീട്ടിലാണ് ഇരുവരും താമസം. ഇവർക്ക് ഏഴു വയസുള്ള മകനുണ്ട്. ഏതാനും ദിവസത്തെ ആശുപത്രിവാസത്തിനു ശേഷം സജിയും ബിനിലയും വീട്ടിലേക്കു മടങ്ങും; ഓരോ വൃക്കയും ഒരു മനസുമായി പുതിയ ജീവിതത്തിലേക്കും.

# ലിസി ആശുപത്രിയിൽ നവജാതശിശുവിന് അത്യപൂർവ്വമായ ശസ്ത്രക്രിയയും ചികിത്സയും



ഗർഭാവസ്ഥയിൽ തന്നെ ഗുരുതരമായ രോഗനിർണ്ണയം. ശസ്ത്രക്രിയയിലൂടെ ഭൂമീ പ്രവേശം. പിറ്റേന്നുതന്നെ കുഞ്ഞിളംമെയ്യിൽ വലിയ ശസ്ത്രക്രിയ. തുടർന്ന് രണ്ടാഴ്ചയോളം വെന്റിലേറ്ററിൽ. ശേഷം നവജാത ശിശുക്കളിൽ അത്യപൂർവ്വവും അപകടകരവുമായ പെരിട്ടോണിയൽ ഡയാലിസിസ്. നാലാഴ്ചയോളം ജീവിതം ഓക്സിജൻ സഹായത്തിൽ. അൽപ്പം പാൽ കുടിക്കാൻ തുടങ്ങിയപ്പോഴേക്കും കടുത്ത ഛർദ്ദി. വലിപ്പം കുറഞ്ഞ ആമാശയം, കൂടാതെ ഗാസ്ട്രോ ഇസോഫാഗൽ റിഫ്ളക്സ് അസുഖം. ഒടുവിൽ അൻപത്തിയൊന്നാം ദിവസം സുഖം പ്രാപിച്ച് വീട്ടിലേക്ക് മടക്കം.

ഈശ്വരനും മനുഷ്യനും ചേർന്ന് തിരക്കഥയൊരുക്കിയ ഒരു ജീവിത നാടക നടനത്തിന്റെ സ്തോഭജനകമായ ആദ്യ രംഗങ്ങൾക്ക് വേദിയായത് എറണാകുളം ലിസി ആശുപത്രിയാണ്.

ആലുവ സ്വദേശികളായ മോബി-കപിൽ ദമ്പതികളുടെ രണ്ടാമത്തെ കൺമണിയായി പിറന്ന കുഞ്ഞാണ് കഥാനായകൻ. പ്രതീക്ഷകളെല്ലാം പൊലിഞ്ഞ നിമിഷങ്ങളിൽ നിന്നും പുനർജീവിതത്തിലേക്ക് അവനെ കൈപിടിച്ചുയർത്തിയത് ഡോക്ടർമാരും, നഴ്സുമാരും, മറ്റു സ്റ്റാഫുമെല്ലാം ഉൾപ്പെടുന്ന കുറെ മനുഷ്യർ നടത്തിയ സംഘപ്രയത്നമാണ്. എങ്കിലും കൃപയുടെ കരം തൊട്ട് ആ കുഞ്ഞുജീവന് കാവലായത് ദൈവം തന്നെ എന്നു വിശ്വസിക്കാനാണ് മോബിക്കും കപിലിനും ഇഷ്ടം.

ദൈവത്തിനും മനുഷ്യർക്കും നന്ദി പറയാൻ ഉചിതമായ പദങ്ങളില്ലെന്ന് ഈ മാതാപിതാക്കൾ പറയുന്നു. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, എന്നിവരുടെ നേതൃത്വത്തിൽ ആശുപത്രി ജീവനക്കാർക്ക് ഒപ്പം കേക്ക് മുറിച്ച് മധുരം പങ്കുവച്ചാണ് കുഞ്ഞിനേയും കുടുംബത്തെയും യാത്രയാക്കിയത്.



ലിസി ആശുപത്രിയിൽ നവജാതശിശുവിന് അത്യപൂർവമായ ശസ്ത്രക്രിയ



ലിസി ആശുപത്രിയിൽ നവജാതശിശുവിന് അത്യപൂർവ്വമായ ശസ്ത്രക്രിയ

**കൊച്ചി:** ഗർഭാവസ്ഥയിൽ തന്നെ ഗുരുതരമായ രോഗനിർണ്ണയം. ശസ്ത്രക്രിയയിലൂടെ ഭൂമിപ്രവേശം. പിറ്റേന്നുതന്നെ കുഞ്ഞിളംമെയ്യിൽ വലിയ ശസ്ത്രക്രിയ. തുടർന്ന് രണ്ടാഴ്ചയോളം വെന്റിലേറ്ററിൽ. ശേഷം നവജാത ശിശുക്കളിൽ അത്യപൂർവ്വവും അപകടകരവുമായ പെരിട്ടോണിയൽ ഡയാലിസിസ്. നാലാഴ്ചയോളം ജീവിതം ഓക്സിജൻ സഹായത്തിൽ. അൽപ്പം പാൽ കുടിക്കാൻ തുടങ്ങിയപ്പോഴേക്കും കടുത്ത ഛർദ്ദി. വലിപ്പം കുറഞ്ഞ ആമാശയം, കൂടാതെ ഗാസ്ട്രോ ഇസോഫാഗൽ റിഫ്ളക്സ്. ഒടുവിൽ അൻപത്തിയൊന്നാം ദിവസം സുഖം പ്രാപിച്ച് വീട്ടിലേക്ക് മടക്കം.

ആലുവ സ്വദേശികളായ മോബി-കപിൽ ദമ്പതികളുടെ രണ്ടാമത് പിറന്ന കുഞ്ഞിനാണ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നത്. ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ പരിശോധനകളിൽ തന്നെ കുഞ്ഞിന് ഗുരുതരമായ തകരാറുകളുണ്ടെ് കണ്ടെത്തിയിരുന്നു. സൂപ്പർ സ്പെഷ്യാൽറ്റികൾ ഉൾപ്പെടെയുള്ള ഏഴു വിഭാഗങ്ങളുടെ ഏകോപനത്തിലൂടെ ചികിത്സ വേണ്ടി വരുമെന്നതിനാലാണ് ലിസി തെരഞ്ഞെടുത്തതെന്ന് കപിൽ പറയുന്നു. ജൂലൈ 19ന് സിസേറിയനിലൂടെ ആയിരുന്നു ജനനം. കൺജനീറ്റൽ ഡയഫ്രമാറ്റിക് ഹെർണിയ നേരത്തേ കണ്ടെത്തിയിരുതിനാൽ നിയോനേറ്റോളജി, പീഡിയാട്രിക് സർജറി, അനസ്തീഷ്യ വിഭാഗങ്ങളിലെ ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ ടീം തിയറ്ററിൽ വച്ചുതന്നെ കുഞ്ഞിനെ ഇന്റ്റുബേറ്റ് ചെയ്യുകയും എൻഐസിയു വെന്റിലേറ്ററിലേക്ക് മാറ്റുകയും ചെയ്തു. കുഞ്ഞിന് ആദ്യഘട്ട തീവ്രപരിചരണം നല്കിയത് ഡോ. ടോണി മാമ്പിള്ളിയുടെ നേതൃത്യത്തിലുള്ള നിയോനേറ്റോളജി ഡോക്ടർമാരുടെ ടീമാണ്. പിറ്റേന്ന് ചീഫ് പീഡിയാട്രിക് സർജൻ ഡോ. ജോയ് മാമ്പിള്ളിയുടെ നേതൃത്വത്തിൽ ഡയഫ്രമാറ്റിക് ഹെർണിയക്കുള്ള ശസ്ത്രക്രിയ വിജയകരമായി നടത്തി. തുടർന്ന് രണ്ടാഴ്ചയോളം വെന്റിലേറ്ററിൽ ആയിരുന്നു. ഇതിനിടയിൽ പീഡിയാട്രിക് കാർഡിയോളജിസ്റ്റ് നടത്തിയ പരിശോധനയിൽ ശ്വാസകോശത്തിലെ ധമനികളിലെ പ്രഷർ കൂടുതലാണെ് കണ്ടെത്തുകയും അതിനുള്ള ചികിത്സ ആരംഭിക്കുകയും ചെയ്തു.

അപ്പോഴാണ് വൃക്കകളുടെ പ്രവർത്തനം തകരാറിലായത്. തുടർന്ന് നാലു ദിവസം നവജാതശിശുക്കളിൽ അതീവദുഷ്കരമായ പെരിറ്റോണിയൽ ഡയാലിസിസിന് കുഞ്ഞിനെ വിധേയനാക്കി. ഹൃദയത്തിൽനിന്നും വരുന്ന വലിയ ധമനിയായ അയോട്ടയിൽ രക്തം കട്ടപിടിച്ചതായി കണ്ടതിനെ തുടർന്ന് അതിനുവേണ്ട ചികിത്സകൾ ആരംഭിച്ചു. ഓക്സിജനിൽ നിന്ന് കുഞ്ഞിനെ മാറ്റാൻ കഴിയാതിരുന്നതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ശ്വാസകോശത്തിന്റെ വികസനത്തിൽ ഉണ്ടാകുന്ന തകരാറുമൂലം വരുന്ന ബ്രോങ്കോ പൾമണറി ഡിസ്പ്ലേസിയ ആണെന്ന് കണ്ടെത്തുന്നത്. തുടർന്ന് അതിനുള്ള ചികിത്സയും ആരംഭിച്ചു. 45 ദിവസങ്ങൾക്കു ശേഷമാണ് ഓക്സിജന്റെ സഹായമില്ലാതെ കുഞ്ഞ് ശ്വസിക്കാനാരംഭിച്ചത്. പാല് കുടിപ്പിക്കാൻ തുടങ്ങിയപ്പോഴേക്കും തുടർച്ചയായി ഛർദ്ദി ഉണ്ടായതിനെ തുടർന്ന് നടത്തിയ പരിശോധനകളിലാണ് ആമാശയത്തിന് വലിപ്പം കുറവാണെന്നും ഗാസ്ട്രോ ഇസോഫാഗൽ റിഫ്ളക്സ് ഡിസീസ് എന്ന അവസ്ഥയാണെും മനസിലാകുന്നത്. മരുന്നുകളോടെപ്പം സാവധാനം കൊടുക്കുന്ന പാലിന്റെ അളവുകൂട്ടുകയും ചെയ്തു.

.കഠിന പരിശ്രമങ്ങൾക്കൊടുവിൽ കണ്ണിമചിമ്മാതെ എല്ലാവരും കാത്തിരുന്ന സൗഖ്യത്തിന്റെ തീരത്തേക്ക് അവൻ തുഴഞ്ഞെത്തി. ദൈവത്തിനും മനുഷ്യർക്കും നന്ദി പറയാൻ ഉചിതമായ പദങ്ങളില്ലെന്ന് ഈ അച്ഛനമ്മമാർ പറയുന്നു. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, എന്നിവരുടെ നേതൃത്വത്തിൽ ആശുപത്രി ജീവനക്കാർക്ക് ഒപ്പം കേക്ക് മുറിച്ച് മധുരം പങ്കുവച്ചാണ് കുഞ്ഞിനേയും കുടുംബത്തെയും യാത്രയാക്കിയത്.

# World Pharmacist Day Celebration 2021



ലോക ഫാർമസിസ്റ്റ് ദിനാഘോഷം ലിസി ആശുപത്രിയിലെ ഫാർമസി വിഭാഗത്തിൽ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട് എന്നിവർ ചടങ്ങിൽ മുഖ്യ അതിഥികൾ ആയിരുന്നു. എല്ലാ ഫാർമസിസ്റ്റുകൾക്കും ഫാ. പോൾ കരേടൻ ആശംസകൾ നേർന്നു. കേക്ക് മുറിച്ച് മധുരം പങ്കിട്ടാണ് ചടങ്ങുകൾ ആരംഭിച്ചത്.

ലിസി ഫാർമസി വിഭാഗം മേധാവി സിസ്റ്റർ സ്നേഹജയുടെ നേതൃത്വത്തിൽ വിവിധ പരിപാടികളും ചടങ്ങിൽ സംഘടിപ്പിക്കുകയുണ്ടായി. അതിൽ എടുത്തുപറയേണ്ട ഒന്നായിരുന്നു സ്റ്റാഫ് അവതരിപ്പിച്ച സ്കിറ്റ്.









## Lisie College of Pharmacy Celebrated Pharmacists Day 2021



"Pharmacist : Always trusted for your health" Every year Pharmacists day is celebrated on September 25th around the globe. The day is celebrated to encourage the activities that promote the role of pharmacists in health care system. Lisie College of Pharmacy celebrated Phazrmacists day by organizing an online session on the topic - "Entrepreneurship in Pharmacy". The session was handled by Dr. Felz Saju, Associate Professor, Department of Pharmaceutics, Nirmala College of Pharmacy, Muvattupuzha. Rev. Fr. George Thelekatt, Assistant Director, Lisie Medical and Educational Institutions delivered a special message regarding the importance of pharmacy sector and the role played by pharmacists. The event was attended by all the staff and students of Lisie College of Pharmacy.

## World Physiotherapy Day 2021

സെപ്റ്റംബർ 8 ലോക ഫിസിയോതെറാപ്പി ദിനത്തോടനുബന്ധിച്ച് ലിസി ഫിസിക്കൽ തെറാപ്പി ഡിപ്പാർട്ട്മെന്റിൽ ആഘോഷം നടത്തി.

ഒൻപത് മണിക്ക് തുടങ്ങിയ പരിപാടി HOD സോണി പോൾ നയിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ഡോ. പോൾ കരേടൻ ഉദ്ഘാടനം നിർവഹിച്ചു. ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട്, മെഡിക്കൽ സൂപ്രണ്ട് ഡോ. ബാബു ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

ഫാ. ഡോ. പോൾ കരേടൻ, ഫാ. ജോസഫ് മാക്കോതക്കാട്ട് എന്നിവർ ലോകഫിസിയോതെറാപ്പി ദിനത്തിന്റെ ആശംസകൾ അറിയിച്ചു. ഫിസിയോതെറാപ്പിസ്റ്റുകളായ Soni Paul, Joyson Joy, Biby K.J, Akhil Antony, Princy Varghese, Justion P Joyl, Sr. Lurdu Kumari എന്നിവരുടെ സാന്നിധ്യത്തിൽ പരിപാടികൾ മംഗളകരമായി നടന്നു.








## Teachers day Celebration 2021



ലിസി മെഡിക്കൽ & എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിലെ എല്ലാ അദ്ധ്യാപകരെയും അദ്ധ്യാപകദിനത്തോട് (5 സെപ്റ്റംബർ 2021) അനുബന്ധിച്ച് മാനേജ്മെന്റ് ആദരിച്ചു.














## Spinal Dural Arteriovenous Fistula




സ്പൈനൽ കോർഡിന്റെ രക്തക്കുഴലുകളിൽ കാണുന്ന അപൂർവ രോഗമാണ് SPINAL DURAL ARTERIOVENOUS FISTULA (SDAVF) ഒരു ലക്ഷത്തിൽ ഒന്നോ രണ്ടോ ആളുകളിൽ മാത്രം കാണുന്ന ഒരു രോഗമാണിത്.






നടക്കാൻ കഴിയാതെ രണ്ട് കാലുകളും തളർന്ന അവസ്ഥയിലാണ് ജോൺസൻ ലിസി ആശുപത്രിയിൽ എത്തുന്നത്. തുടർന്ന് Dr. Biji Bahuleyan (Senior Neurosurgeon & Spine Surgeon & Dr. Dilip Kumar (Consultant Endovascular and Interventional Radiologist & Neuro Interventional Radiologist) എന്നിവർ നയിക്കുന്ന ടീമിന്റെ വിദഗ്ദ്ധ പരിശോധനയിലൂടെ ആണ് എംബോളൈസേഷൻ ചികിത്സാ പ്രക്രിയയുമായി മുന്നോട്ട് പോകാൻ ജോൺസൻ തീരുമാനിക്കുന്നത്.

കൃത്യമായ റിഹാബിലിറ്റേഷനെ തുടർന്ന് മൂന്ന് മാസങ്ങൾക്ക് ശേഷം ആരുടേയും സഹായമില്ലാതെ ജോൺസന് രോഗം ഭേദപ്പെട്ട് നടക്കുവാൻ സാധിച്ചു. റീഹാബിലിറ്റേഷന് പ്രധാന പങ്കുവഹിച്ചത് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ മേധാവിയായ Dr. Sr. Shigy Francis ആണ്.



## വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു (4 August 2021)






## Doctors Article Published

What is Awake Brain Surgery ?" an article by Dr Biji Bahuleyan, senior Epilepsy Surgeon, Lisie Hospital, Ernakulam was published in the magazine "Future Medicine", Volume 8; Issue 5: September 2021.




What is epilepsy surgery ?" an article by Dr Biji Bahuleyan, senior Epilepsy Surgeon, Lisie Hospital, Ernakulam was published in the magazine "Future Medicine", Volume 8; Issue 4: August 2021.





The Graduation ceremony of the 15th Batch BSc Nursing students of Lisie College of Nursing was held on 4th September 2021 following the Covid protocols. The auspicious programme began with academic procession by the graduates. After the invocation, Rev. Fr. George Thelakatt, Assistant Director, Lisie Medical and Educational Institutions welcomed the gathering. The programme was inaugurated and presided by Rev. Fr. (Dr) Paul Karedan, Director, Lisie Hospital. Father congratulated the graduates for their remarkable success in the final year exam and inspired them to practice the profession with dedication, compassion, empathy and stressed the importance of higher education in delivery of quality patient care. Father appreciated the teachers for their efforts in moulding the students and offered advanced wishes of National Teachers' Day.

Further on the list was the most solemn part of the event. Prof.(Dr) Usha Marath, Principal, Lisie College of Nursing and Rev. Sr. Anslem CSC, Nursing Administrator, Lisie Hospital lighted the lamp for graduates. Prof. (Dr) Lissa Peter,Vice Principal, Lisie College of Nursing administered the Nurses' Pledge to the graduates. Rev. Fr. (Dr) Paul Karedan, and Rev. Fr. Rojan Nangelimalil Joint Director, Lisie Hospital presented Code of ethics to the graduates.

Rev. Fr. Shanu Moonjely, Assistant Director, Lisie Hospital, Dr. Augustine Athapilly, Deputy Medical Superintendent, Rev. Sr. Anslem CSC and Prof.(Dr) Usha Marath felicitated the graduates and stressed on importance of nursing profession in patient care. The release of college magazine "Arham 2021" was done by Rev. Fr. Joseph Makkothkat, Assistant Director, Lisie Hospital and the first copy was handed over to Rev. Fr. (Dr) Paul Karedan.





The students with academic excellance and outstanding performances were honoured. Ms. Anu Mathew received Academic Topper award, Ms. Namarada Shailu and Ms. Tessin Kunjumon were awarded as Best Outgoing student and Best Bedside Nurse respectively. Student representative of graduates Ms. Teenu P Varghese spoke about their experiences in Lisie College of Nursing. Ms. Shiya Jacob, Assistant Professor proposed vote of thanks. The programme ended with Lisie Anthem.





























Anu Mathew
Academic Topper



Namrada Shailu
Best Outgoing Student



Tessin Kunjumon
Best Bedside Nurse

# Lamp Lighting Ceremony 2021



The lamp lighting ceremony for the 59th batch of General Nursing students.The ceremony was inaugurated by Rev. Fr. Dr. Paul Karedan, Director, Lisie Medical and Educational Institutions, and addressed the young student nurses by highlighting the importance of kindness in their profession. Rev. Fr. George Thelekatt (Asst. Director, Lisie Medical and Educational Institutions), and Rev. Sr. Anslem CSC (Nursing Administrator, Lisie Hospital) also congratulated the students on this event and blessed them to practice their profession with sincerity and loyalty. A total of 27 students of first-year General Nursing received the light from Prof. Dr. Usha Marath (Principal, Lisie College & School of Nursing, and Sr. Anslem CSC, which was followed by the oath-taking ceremony of the novice nurses.

















## Oath taking ceremony 2021




The inauguration of the ceremony was done by Fr. (Dr). Paul Karedan (Director, LMEI). Prof. Dr. Usha Marath (Principal, LCON) recited the oath, and Fr. George Thelekatt (Assistant Director, LMEI) Sr. Anslem (Nurse Administrator, Lisie Hospital), and Prof. Dr. Usha Marath felicitated the gathering.









## Course Completion Ceremony of 2018-20 batch (DIDT)




Course Completion Ceremony of 2018-20 batch (Diploma in Dialysis Technology) took place on 30 June 2021. Fr. (Dr). Paul Karedan (Director, Lisie Medical & Educational Institutions), Fr. George Thelekatt (Assistant Director Lisie Medical & Educational Institutions), Fr. Joseph Makothakkatt (Asst. Director, Lisie Hospital), Dr. Babu Francis (Medical Superintendent), Dr. Jose P Paul (Senior Consultant, Nephrology), Dr. Shabeer S Iqbal, (Principal, Lisie College of Allied Health Sciences) & Rev. Sr. Daria CSC (In-charge, HDU) attended the function. Dr. Jose P Paul issued course completion certificates for students. The best academic performance prize was won by Ms. Aasha K. S. (student). Fr. Paul Karedan gifted the prize.








## World Alzheimer's Day 2021

Third year B.Sc. Nursing students of Lisie College of Nursing observed world Alzheimer's day on September 21st at Kusumagiri Mental health center, Kakkanad. Program was conducted based on the theme "Know Dementia, KnowAlzheimer's ". Mrs. Maneesha D Lecturer explained the theme followed by various activities by students. A skit was performed based on the theme which was very much appreciated. Few charts were presented by our students.






## World Suicide Prevention Day 2021

On 10th September 3rd year B.Sc Nursing students also observed World Suicide prevention day, based on the theme, "Creating hope through action". Dr. Kuruvila Thomas Senior consultant Psychiatrist Lisie Hospital revealed the theme followed by various activities by students. A skit based on the theme also mentioned influence of electronic gadgets that leads to depression and suicide. Followed by various cultural programs






## World Heart Day Awareness Programme (BSc Nursing Students)

An awareness programme on "World Heart Day" was organized by 4th year BSc nursing students at Primary Health Centre, Koonammavu on 29th September 2021. The programme was organized as a part of Community Health Nursing posting. A puppet show along with an awareness session regarding Cardiac diseases and its prevention was conducted. The Theme of this year , "Use heart to connect with your heart", was explained during the programme. Sr Ranjitha, HOD, Community Health Nursing department was presided over the programme..






## Farewell LCON Teachers

On 17 September 2020 Lisie College of Nursing bid farewell to Mrs Blaicy F, Mrs Geetu K and Mrs Rejini K Phillip after a long period of their service.



Mrs Blaicy F had been working at Lisie College of Nursing for a period of 18 years. She had been serving Lisie Family as a committed and inspiring teacher, mentor, motivator and guide. She was a helpful contributor to the service side and also has contributed a lot to the Medical Surgical Nursing department. We thank her for all the hardwork and dedication she put in to strengthen values and standards in our students.



Mrs Geetu K has been working at our college for two years and in that time she has shown great dedication towards her students and was a goodfriend to her colleagues. Shealwaysshowed great enthusiasm towards her job and often took extra responsibilities. We thank her for all the help she has offered us.



Mrs Rejini K Phillip had been with us for four years teaching in the School of Nursing and College during her time here. She showed great kindness in all her interactions and always cared for all her students. We thank her for all the efforts she took.

## The best plenary paper award for lisie Insitute of Gastroenterology



The prestigious plenary paper award of Society of Gastrointestinal endoscopy (SGEI) at ENDOCON2021 is bagged by Lisie Institute of Gastroenterology (July 4th 2021). The paper presented by Prakash Zacharias secured the best plenary paper award.



EUS guided Gastroenterostomy using a noval double balloon Nasoenteric tube and Lumen apposing metal stent.




ലിസി ഫാമിലി ഡേയോട് അനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ പങ്കെടുത്ത് കൂടുതലും വിജയികളായത് ലിസി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് & സയൻസസ് വിദ്യാർത്ഥികളാണ്. എല്ലാവർക്കും അനുമോദനങ്ങൾ

## NABH Reassessment took place on 15, 16, 17 of October









## ആദരാഞ്ജലികൾ



### ഡോ. വി. ഒ. ആന്റണി

നീണ്ട ഇരുപത് വർഷത്തിലേറെ ലിസി ആശുപത്രിയിലെ എമർജൻസി വിഭാഗത്തിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറായും മെഡിക്കോ ലീഗൽ ഓഫീസറായും സ്തുത്യർഹമായി സേവനം ചെയ്ത ഡോ. വി. ഒ. ആന്റണി 2021 സെപ്റ്റംബർ 26 ന് മരണം മൂലം നമ്മിൽ നിന്ന് വേർപിരിഞ്ഞു. ജോലിയിൽ അദ്ദേഹം പുലർത്തിയ സമർപ്പണ മനോഭാവവും പ്രതിബദ്ധതയും ദീനാനുകമ്പയും സ്മരണീയവും അനുകരണീയവുമാണ്. ഡോ. ആന്റണിക്ക് ലിസി കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ സ്മരണാഞ്ജലികൾ.

## Health Awareness Days

**October**

1 International Day for the Elderly
10 World Mental Health Day
11 World Sight Day
12 World Arthritis
16 World Food Day
17 World Trauma Day
20 World Osteoporosis Day
21 World Iodine Deficiency Day
24 World Polio Day
26 World Obesity Day
29 World Stroke Day
30 World Thrift Day

**November**

2 World Pneumonia Day
10 World Immunization Day
14 Diabetes Day
18 World Epilepsy Day
19 World COPD Day
15 to 21 New Born Care Week

**December**

1 World AIDS Day
2 National Pollution Prevention Day
3 International Day of Disabled Persons
9 World Patient Safety Day

# Welcome to Lisie Family



**Dr. Arun Grace Roy**
**Senior Consultant**
Neurology



**Dr. Harikrishnan G**
**Consultant**
Anaesthesia



**Dr. Joe Verghese Thomas**
**Junior Consultant**
Dermatology



**Sr. Sophie FHGS**
Admission Desk &
Health Check Up



**Sr. Rosna CSN**
Clinical Lab



**Sr. Sophia DCPB**
Central Store



**Sr. Philsy DST(Minimol P.C.)**
Surgery Ward



**Sr. Ajaya CPS (Sr.Shyni K.O)**
ECG & X-RAY



**Sr. Roja M George (SR. Soumya) CPS**
St. Peters East Wing (CCR)



**Sr. Thresiamma C V (Sr. Molly) FHGS**
Administration EPABX & Reception

# Farewell greetings to our Beloved



**Dr. Johny Cyriac**
**Senior Consultant**
Gastroenterology



**Dr. Thomas James**
**Consultant**
Gastroenterology



**Dr. Anif K K**
**Consultant**
Nephrology



**Sr. Alia (Sr. Elsy) FHGS**
Adminstration EPABX &
Reception



**Sr. Elsa Jose MSMI**
Religious Staff



**Sr. Mincy Mole Thomas**
Nephro Room



**Sr. Anu Varghese**
Isolation C-19



**Sr. Manju Jose MSMI**
**(Sr. Alphons)**
CT Extension

**Sr. Ancy John**
Histhopathology

# LISIE HOSPITAL, ERNAKULAM

P.B. #3053, Kochi- 682018, Kerala, Web: www.lisiehospital.org, E-mail: contact@lisiehospital.org, Ph: 0484 - 2402044

## വിവിധ ചികിത്സാ വിഭാഗങ്ങളും ഒ. പി. ദിവസങ്ങളും

**ജനറൽ മെഡിസിൻ**

1. ഡോ. ടി.കെ. ജോസഫ് (തിങ്കൾ - ശനി)
2. ഡോ. അഗസ്റ്റിൻ എ.കെ (തിങ്കൾ - ശനി)
3. ഡോ. ജോർജ്ജ് സേവ്യർ (തിങ്കൾ - ശനി)
4. ഡോ. അഭിലാഷ് ചാക്കോ (തിങ്കൾ - ശനി)
5. ഡോ. ബിജു ജേക്കബ് (തിങ്കൾ - ശനി)
6. ഡോ. ആതിര വിൻസെന്റ് (തിങ്കൾ - ശനി)

**ഡയബറ്റോളജി വിഭാഗം (പ്രമേഹ രോഗ ചികിത്സാ വിഭാഗം)**

1. ഡോ. ജോർജ്ജ് പൗലോസ് (തിങ്കൾ - ശനി)
2. ഡോ. ബെറ്റ്സി ആനി കോശി (തിങ്കൾ - ശനി)

**പൾമനോളജി (ശ്വാസകോശ രോഗ വിഭാഗം)**

1. ഡോ. പരമേശ് എ. ആർ. (തിങ്കൾ - ശനി)
2. ഡോ. തോമസ് കുര്യൻ (തിങ്കൾ - ശനി)

**ജനറൽ സർജറി വിഭാഗം (ശസ്ത്രക്രിയ വിഭാഗം)**

1. ഡോ. ജോയ് മാമ്പിള്ളി (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. പൗലോസ് ജേക്കബ് (ചൊവ്വ, വ്യാഴം, ശനി)
3. ഡോ. സന്ദീപ് ജനാർദൻ (തിങ്കൾ, ബുധൻ, വെള്ളി)

**ഡെർമ്മറ്റോളജി (ത്വക്ക് രോഗ വിഭാഗം)**

1. ഡോ. സോമൻ പീറ്റർ (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)
2. ഡോ. ജോ വർഗീസ് തോമസ് (തിങ്കൾ - ശനി)

**ഓഫ്താൽമോളജി (നേത്ര രോഗ വിഭാഗം)**

1. ഡോ. ലതാ മാത്യു (തിങ്കൾ മീ വ്യാഴം & ശനി)
2. ഡോ. അനു ജോസഫ് (തിങ്കൾ - ശനി, 8.00 മാ മീ 4.00 മ്പ)

**ഇ.എൻ.ടി. (ചെവി, മൂക്ക്, തൊണ്ട വിഭാഗം)**

1. ഡോ. റിന വർഗ്ഗീസ് (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. ഫ്രാങ്കി ജോസ് (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. ദിവ്യ മോഹൻ വി. (ചൊവ്വ, വ്യാഴം, ശനി)
4. ഡോ. ജോസഫ് മാത്യു (തിങ്കൾ, ബുധൻ, വെള്ളി)

**ഓർത്തോപീഡിക്സ് (അസ്ഥി രോഗ വിഭാഗം)**

1. ഡോ. കെ. രാജാറാം (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. സുരേഷ് പോൾ (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. ബോബി ജേക്കബ് (തിങ്കൾ, ബുധൻ, വെള്ളി)
4. ഡോ. ബിബു ജോർജ്ജ് (ചൊവ്വ, വ്യാഴം, ശനി)
5. ഡോ. എബി തോമസ് ബാബു (തിങ്കൾ, ബുധൻ, വെള്ളി)
6. ഡോ. മോനിഷ് മോഹൻ (ചൊവ്വ, വ്യാഴം, ശനി

**സൈക്യാട്രി (മാനസിക രോഗ വിഭാഗം)**

1. ഡോ. കുരുവിള തോമസ് (തിങ്കൾ - ശനി After 4 pm)
2. ഡോ. സഞ്ജു ജോർജ്ജ് ചക്കുങ്കൽ (തിങ്കൾ - വെള്ളി 8.30am - 12.30pm)

**ഗ്യാസ്ട്രോ എന്ററോളജി (ഉദര രോഗ വിഭാഗം)**

1. ഡോ. മാത്യു ഫിലിപ്പ് (തിങ്കൾ - വെള്ളി)
2. ഡോ. പ്രകാശ് സക്കറിയാസ് (തിങ്കൾ - ശനി)
3. ഡോ. ഷിബി മാത്യു (തിങ്കൾ - ശനി)
4. ഡോ. ജോൺ മാത്യൂസ് (തിങ്കൾ - ശനി)

**ഇന്റർവെൻഷണൽ റേഡിയോളജി**

1. ഡോ. ലിജേഷ് കുമാർ (തിങ്കൾ, ബുധൻ, വെള്ളി)
2. ഡോ. ദിലീപ് കുമാർ എം.പി (ചൊവ്വ, വ്യാഴം, ശനി)

**ഗ്യാസ്ട്രോ ഇന്റസ്റ്റിനൽ സർജറി വിഭാഗം**

1. ഡോ. വേണുഗോപാൽ ബി. (തിങ്കൾ, വ്യാഴം)
2. ഡോ. ഷാജി പൊന്നമ്പത്തയിൽ (ചൊവ്വ - വെള്ളി)
3. ഡോ. ബൈജു കുണ്ടിൽ (തിങ്കൾ - ശനി)
4. ഡോ. പ്രമിൽ കെ. (ബുധൻ, ശനി)

**നെഫ്രോളജി (വൃക്ക രോഗ വിഭാഗം)**

1. ഡോ. ബാബു ഫ്രാൻസിസ് (തിങ്കൾ - വെള്ളി)
2. ഡോ. ജോസ് പി. പോൾ (തിങ്കൾ - വെള്ളി)

**ന്യൂറോളജി (മസ്തിഷ്ക രോഗ വിഭാഗം)**

1. ഡോ. ബി. ബിന്ദു (തിങ്കൾ - ശനി)
2. ഡോ. അരുൺ കുമാർ എം. എൽ. (തിങ്കൾ - ശനി)
3. ഡോ. അരുൺ ഗ്രേസ് റോയ് (തിങ്കൾ - ശനി)
4. ഡോ. ജോൺ ജെ. വൈദ്യ (തിങ്കൾ - ശനി)
5. ഡോ. അനു ഗംഗാധരൻ (തിങ്കൾ - ശനി)

**ന്യൂറോ സർജറി (മസ്തിഷ്ക രോഗ വിഭാഗം)**

1. ഡോ. കോശി ജോർജ്ജ് (തിങ്കൾ, വ്യാഴം)
2. ഡോ. പ്രഥ്വി വർഗ്ഗീസ് (ചൊവ്വ - വെള്ളി)
3. ഡോ. ബിജി ബാഹുലേയൻ (തിങ്കൾ, ബുധൻ)

**എന്റോക്രൈനോളജി & ഡയബെറ്റിസ് മെറ്റാബോളിസം**

1. ഡോ. അരുൺ എസ്. മേനോൻ (തിങ്കൾ, ശനി)

**ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ**

1. ഡോ. സി. ഷിജി ഫ്രാൻസിസ് (സി. ക്രിസ്റ്റീന) (തിങ്കൾ - ശനി)

**ഡെന്റൽ വിഭാഗം (ദന്ത രോഗ വിഭാഗം)**

1. ഡോ. ബിജി രാജ് (തിങ്കൾ - ശനി)
2. ഡോ. രാജീവ് എസ് (ചൊവ്വ- ശനി)
3. ഡോ. ടെറി തോമസ് (വെള്ളി)
4. ഡോ. ഹേമ ഗിൽബർട്ട് (തിങ്കൾ - ശനി)
5. ഡോ. റോസ് കുര്യൻ (തിങ്കൾ - ശനി)

**ഓങ്കോളജി വിഭാഗം**

1. ഡോ. ജയശങ്കർ പി. (തിങ്കൾ - ശനി)
2. ഡോ. ഷബ്ന അബ്ബാസ് (തിങ്കൾ - ശനി)

**സർജ്ജിക്കൽ ഓങ്കോളജി വിഭാഗം**

1. ഡോ. അരുൺ പീറ്റർ മാത്യു (തിങ്കൾ, ബുധൻ, വെള്ളി)

**ഹെഡ് & നെക്ക് സർജിക്കൽ ഓങ്കോളജി**

1. ഡോ. സന്ദീപ് സുരേഷ് (തിങ്കൾ, ബുധൻ, വെള്ളി)

**പീഡിയാട്രിക്സ് & നീയോനെറ്റോളജി വിഭാഗം (ശിശുരോഗ വിഭാഗം)**

1. ഡോ. ടോണി പോൾ മാമ്പിള്ളി (തിങ്കൾ - ശനി)
2. ഡോ. മാർഗരറ്റ് ജോസഫ് (തിങ്കൾ to ശനി am only)
3. ഡോ. ജെസി തോമസ് (തിങ്കൾ - ശനി)
4. ഡോ. ശശിധരൻ പി. യു. (തിങ്കൾ - ശനി)
5. ഡോ. ഹിമ മാത്യൂസ് പി. (തിങ്കൾ - ശനി)
6. ഡോ. വിവിൻ എബ്രഹാം (തിങ്കൾ - ശനി)

**ജീറിയാട്രിക് വിഭാഗം**

1. ഡോ. റോസക്കുട്ടി മാത്യു (തിങ്കൾ am - ശനി am)
2. ഡോ. സാറാമ്മ ഈശോ (തിങ്കൾ am - ശനി am)

**ഗൈനക്കോളജി വിഭാഗം**

1. ഡോ. എയ്മി ഡിസൂസ (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. തോമസ് ആലിയാട്ടുക്കുടി (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. സിമി രാജ് ടി. ജെ. (ചൊവ്വ, വ്യാഴം, ശനി)
4. ഡോ. സുമി പി. തമ്പി (ചൊവ്വ, വ്യാഴം, ശനി)
5. ഡോ. വി. അനു തോമസ് (തിങ്കൾ, ബുധൻ, വെള്ളി)

**യൂറോളജി വിഭാഗം**

1. ഡോ. ദാമോദരൻ നമ്പ്യാർ (തിങ്കൾ pm, ബുധൻ, വെള്ളി)
2. ഡോ. വിജു ജോർജ്ജ് (ചൊവ്വ pm, വ്യാഴം, ശനി)
3. ഡോ. തോമസ് പുതുക്കാടൻ (ചൊവ്വ, വെള്ളി)
4. ഡോ. സനിൽ കുമാർ എൻ. കെ. (ബുധൻ, വ്യാഴം)

**കാർഡിയോളജി (ഹൃദ്രോഗ വിഭാഗം)** Booking No. 0484 2401821

1. ഡോ. റോണി മാത്യു കടവിൽ (തിങ്കൾ - വെള്ളി)
2. ഡോ. ജേക്കബ് ജോസഫ് (തിങ്കൾ - വെള്ളി)
3. ഡോ. ജാബിർ അബ്ദുള്ളക്കുട്ടി (തിങ്കൾ - വെള്ളി)
4. ഡോ. ജോ ജോസഫ് (തിങ്കൾ - വെള്ളി)
5. ഡോ. ജിമ്മി ജോർജ് (തിങ്കൾ - ശനി )
6. ഡോ. അജിത്ത് കുമാർ കെ. ആർ (തിങ്കൾ am, വ്യാഴം am)

**ഇലക്ട്രോ ഫിസിയോളജി**

1. ഡോ. അജിത് തച്ചിൽ (തിങ്കൾ - ശനി )

**കാർഡിയാക് സർജറി**

1. ഡോ. ജോസ് ചാക്കോ പെരിയപ്പുറം (ചൊവ്വ & വെള്ളി)
2. ഡോ. ഭാസ്കർ രംഗനാഥൻ (തിങ്കൾ - വെള്ളി)
3. ഡോ. ജീവേഷ് ജോൺ തോമസ് (തിങ്കൾ - വെള്ളി)
4. ഡോ. മുരുകൻ പി. (തിങ്കൾ - വെള്ളി)

**പീഡിയാട്രിക് കാർഡിയോളജി**

1. ഡോ. എഡ്വിൻ ഫ്രാൻസിസ് (തിങ്കൾ - ശനി)
2. ഡോ. അന്നു ജോസ് (തിങ്കൾ - ശനി)
3. ഡോ. ബിജേഷ് വി.വി. (ചൊവ്വ, വ്യാഴം)

**പീഡിയാട്രിക് കാർഡിയാക് സർജറി**

1. ഡോ. ജി.എസ്. സുനിൽ (തിങ്കൾ - ശനി)
2. ഡോ. ഫിലിപ്പ് കെ. മാത്യു (തിങ്കൾ - ശനി)

**Advance Booking Numbers**

For Doctors' Appointment: 0484 2402044 (24X7)
0484 2401141 (7.00 am to 6.30 pm)
For Cardiology / Cardiothoracic doctors: 0484 2401821,
0484 2755305 (8.00 am to 4.00 pm)
Health Checkup: 0484 2755099 (7.00 am to 4.30 pm), 94977713386 (24X7)
Radiology: 0484 2400811, 0484 2755395 (8.00 am to 6.00 pm)

**For Information**

Cardiology: 0484 2401821, 0484 2755305 (8.00 am to 4.00 pm)
Cardiothoracic: 9446037302
General Information: 0484 2402044 (24X7)
Emergency Dept & Ambulance: 0484 2755301, 9895756164 (24X7)
Cashless Insurance: 0484 2755386, 0484 2755306 (8.30 am to 5.30 pm)
Gynaecology Emergency: 0484 2755151 (24X7)